**കേരള സർക്കാർ**

**നം.ഡി.എ 1/797/2018/ തസ്വഭവ** തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,

തിരുവനന്തപുരം, തീയതി : 21.11.2018

**<u>സർക്കുലർ</u>**

വിഷയം:- - 2018- 19- ലെ വാർഷിക പദ്ധതിയിൽ നിബന്ധനകൾക്ക് വിധേയമായി ഭേദഗതി വരുത്തി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.18 ൽ ചേർന്ന യോഗത്തിന്റെ 3.5 നമ്പർ തീരുമാനം

2018- 19- ലെ വാർഷിക പദ്ധതിയിൽ നിബന്ധനകൾക്ക് വിധേയമായി ഭേദഗതി വരുത്തി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാനുള്ള അവസാന തീയതി 15.10.2018 ആയിരുന്നു. ഈ സമയത്തിനുശേഷവും 151 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകിയിട്ടില്ല. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭേദഗതി പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ തുടർ നടപടി വകുപ്പുമേധാവികൾ സ്വീകരിക്കേണ്ടതുമാണ്. വാർഷിക പദ്ധതി അന്തിമമാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **തദ്ദേശഭരണ സ്ഥാപനം** | **വാർഷിക പദ്ധതി അന്തിമമാക്കാത്തവരുടെ എണ്ണം (15.10.2018- നകം സമർപ്പിക്കാത്തത്)** |
|---|---|
| (i) ഗ്രാമപഞ്ചായത്ത് | 120 |
| (ii) ബ്ലോക്ക് പഞ്ചായത്ത് | 13 |
| (iii) ജില്ലാ പഞ്ചായത്ത് | 2 |
| (iv) നഗരസഭ | 16 |

ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ വിശദാംശങ്ങൾ സഹിതം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മുഖേന ആവശ്യപ്പെടുന്ന മുറയ്ക്ക് ഭേദഗതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതിക്ക് നൽകുന്നതിന് സുലേഖയിൽ ക്രമീകരണം ചെയ്യേണ്ടതാണ്. ഇനിയും പുതിയ ഭേദഗതികൾ അനുവദിക്കുന്നതല്ല.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഒഫീസർ